**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | കേരള ബാങ്ക് രൂപീകരണത്തിന് ശേഷം അദ്യത്തെ പൂർണ്ണ സാമ്പത്തിക വർഷം (2020-21) അവസാനിച്ചപ്പോൾ നിക്ഷേപത്തിൽ 9.27 ശതമാനം വർദ്ധനവ് നേടി. 61,071 കോടി രൂപയിൽ നിന്നും 66,731 കോടി രൂപയായാണ് നിക്ഷേപം വർദ്ധിച്ചത്. 2021 മാർച്ച് 31-ന് കേരള ബാങ്കിന് 1,06,396 കോടി രൂപയുടെ ആകെ ബിസിനസ്സ് ആണുള്ളത്. ഈ വർഷത്തെ അറ്റാദായം 61.99 കോടി രൂപയാണ്. ലയന സമയത്ത് 24.34 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി 14.47 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞു. 2019-20 സാമ്പത്തിക വർഷം 4,315 കോടി രൂപയായിരുന്ന പുനർവായ്പ സഹായം 2020-21 സാമ്പത്തിക വർഷത്തിൽ 6,058 കോടി രൂപയായി ഉയർന്നു. 40.39 ശതമാനത്തിന്റെ വർദ്ധനയാണ് ഈ ഇനത്തിൽ മാത്രമുണ്ടായത്. ബാങ്കിന്റെ സാമ്പത്തിക സുസ്ഥിരതയുടെ പ്രധാന സൂചകമായ മൂലധന സ്വയംപര്യാപ്തത ലയന സമയത്ത് 6.26 ശതമാനമായിരുന്നു. ഇപ്പോൾ അത് 10.18 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേരള ബാങ്ക് രൂപീകരണത്തിന് ശേഷം മുൻഗണനാ മേഖലകൾ കൃഷി, സർവ്വീസ്, കച്ചവടം, ഗ്രാമീണ മേഖലയിലെ ചെറുകിട സംരംഭങ്ങൾ, മൈക്രോ ഫിനാൻസ്, ഗ്രാമീണ ഭവന നിർമ്മാണം തുടങ്ങിയവയാണ്. ഈ മേഖലകളിലെ ചെറുകിട വായ്പകൾക്കാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ വഴിയും നേരിട്ടും ആകെ 18,200 കോടി രൂപയാണ് വായ്പയായി വിതരണം ചെയ്തത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലയിലുള്ള മൈക്രോ സംരംഭങ്ങൾക്കായി MSME വായ്പകൾ വ്യക്തിഗതമായി വിതരണം ചെയ്തു വരുന്നു. സ്കൂൾ കുട്ടികൾക്കായി രക്ഷിതാക്കൾക്ക് കൂടി പ്രയോജനപ്രദമായ സേവിങ്ങ്സ് അക്കൗണ്ട് KB |

| | | | |
|---|---|---|---|
| | | | വിദ്യാനിധി എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ മേഖല കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടാതെ റിസർവ്വ് ബാങ്ക് അനുശാസിക്കുന്നതുപോലുള്ള ഒരു സ്ഥിര സംവിധാനമായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. ലയനത്തിന് വെല്ലുവിളിയായിരുന്ന ഐ.ടി. ഇന്റർഗ്രേഷനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ